## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3427** 12.05.2017-ൽ മറുപടിയ്ക്ക്

### ഭൂരഹിത-ഭവന രഹിതരായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവരുടെ എണ്ണം സംബന്ധിച്ച് സർവ്വെ

**ചോദ്യം**
**ശ്രീ.രാജു എബ്രഹാം**

**മറുപടി**
**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | സംസ്ഥാനത്തെ ഭൂരഹിത-ഭവന രഹിതരായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവരുടെ എണ്ണം സംബന്ധിച്ച് എന്തെങ്കിലും സർവ്വെ നടത്തുകയുണ്ടായിട്ടുണ്ടോ; | എ) | സംസ്ഥാനത്തെ ഭൂരഹിത-ഭവന രഹിതരായ പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവരുടെ എണ്ണം സംബന്ധിച്ച് 2009-ൽ 'കില' സർവേ നടത്തിയിട്ടുണ്ട്. അതുപ്രകാരം 25154 കുടുംബങ്ങളാണ് ഭൂരഹിതരായുണ്ടായിരുന്നത്.<br>2008-ൽ തദ്ദേശ സ്വയംഭരണ സ്ഥാപനവകുപ്പും, കിലയും, പട്ടികവർഗ്ഗ വികസന വകുപ്പും സംയുക്തമായി നടത്തിയ സോഷ്യോ ഇക്കണോമിക്സ് സർവ്വേയിൽ ഭൂരഹിത-ഭവന രഹിതരായ പട്ടികവർഗ്ഗക്കാരുടെ വിശദാംശം ശേഖരിച്ചിട്ടുണ്ട്. 12435 കുടുംബങ്ങളാണ് ഭൂരഹിതരായുള്ളത്. |
| ബി) | കുറ്റമറ്റ രീതിയിൽ ഇവർക്ക് വീട് ലഭ്യമാക്കുന്നു എന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | ബി) | പട്ടികജാതി വികസന വകുപ്പിന്റെ ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 3 ലക്ഷം രൂപ ധനസഹായമായി അനുവദിച്ചു നൽകുന്നുണ്ട്. ഗുണഭോക്താക്കളെ ഗ്രാമസഭാ ലിസ്റ്റിൽ നിന്നുമാണ് കണ്ടെത്തുന്നത്. ഇവരുടെ അർഹത ഉറപ്പുവരുത്തി ധനസഹായതുക നിശ്ചിത നാലുഗഡുക്കളായി (15%, 30%, 40%, 15%) ഇ-ഹൗസിംഗ് സോഫ്റ്റ് വെയർ മുഖേന ഗുണഭോക്താവിന്റെ അക്കൗണ്ട് വഴി വിതരണം |

| | | | |
|---|---|---|---|
| | | | ചെയ്യുന്നുണ്ട്. തുക വിതരണത്തിൽ കാലതാമസം ഉണ്ടാകാതിരിക്കാൻ ആവശ്യമായ ഫണ്ട് ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്ക് നൽകി കഴിഞ്ഞിട്ടുണ്ട്.<br>അർഹരായ പട്ടികവർഗ്ഗക്കാരെ തന്നെ ഭവന നിർമ്മാണത്തിനായി കണ്ടെത്തുന്നതിനായി ഊരുകൂട്ടങ്ങൾ മുഖേന ക്ലേശഘടകങ്ങളും, മറ്റ് അർഹതാ മാനദണ്ഡങ്ങൾ പാലിച്ച് കണ്ടെത്തി മുൻഗണനാ ലിസ്റ്റ് തയ്യാറാക്കിയാണ് വീടുകൾ അനുവദിച്ച് വരുന്നത്. കൂടാതെ ടി ആൾക്കാർ ഭവന നിർമ്മാണ ധനസഹായത്തിന് അർഹരാണോയെന്ന് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ മുഖേന അന്വേഷിച്ച് ബോധ്യപ്പെടുകയും ചെയ്യുന്നു.<br>പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭവനനിർമ്മാണ പദ്ധതിയുടെ ധനസഹായം 4 ഗഡുക്കളായാണ് അനുവദിക്കുന്നത്. ആദ്യ 3 ഗഡുക്കൾ മുൻകൂറായും അവസാന ഗഡു വീട് നിർമ്മാണം വാസയോഗ്യമാം വിധം പൂർത്തീകരിച്ചതിന് ശേഷവുമാണ് അനുവദിച്ച് നൽകുന്നത്. ഗുണഭോക്താക്കൾക്ക് ആദ്യഗഡുവായ 15% എഗ്രിമെന്റ് വെയ്ക്കുമ്പോൾ തന്നെ അനുവദിച്ച് നൽകുന്നു. ടി തുക ഉപയോഗിച്ച് വീടിന്റെ അടിസ്ഥാനം പൂർത്തിയാക്കി എന്നുള്ള ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2-ാം ഗഡുവായി 30% തുക അനുവദിക്കുന്നു. ടി തുക ഉപയോഗിച്ച് റീട് ലിന്റിൽ ലെവൽ വരെ പൂർത്തീകരിച്ച എന്നുള്ള ട്രൈബൽ എക്സ്റ്റൻഷൻ ആഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 3-ാം ഗഡുവായി 40% തുകയും അനുവദിക്കുന്നു. ടി തുക ഉപയോഗിച്ച് വാസയോഗ്യമാം വിധം പൂർത്തീകരിച്ച എന്നുള്ള ട്രൈബൽ എക്സ്റ്റൻഷൻ ആഫീസറുടെ പൂർത്തീകരണ |

| | | | |
|---|---|---|---|
| | | | സർട്ടിഫിക്കറ്റും ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ അവസാനഗഡുവായ 15% തുകയും അനുവദിച്ച നൽകി വരുന്നു.<br>പട്ടികവർഗ്ഗക്കാരെ ചൂഷണം ചെയ്യുന്നത് തടയാനായി ഇടനിലക്കാരെ ഒഴിവാക്കി ഗുണഭോക്താക്കൾ നേരിട്ട് ഭവന നിർമ്മാണം പൂർത്തീകരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഭവന നിർമ്മാണത്തിനായി രൂപീകരിച്ചിട്ടുള്ള പട്ടികവർഗ്ഗ സൊസൈറ്റികൾ നിലവിലുള്ള സ്ഥലങ്ങളിൽ, സൊസൈറ്റികൾ മുഖേനയും കുറ്റമറ്റ രീതിയിൽ ഭവന നിർമ്മാണം നടത്തുന്നുണ്ട്. ഗുണഭോക്താക്കൾക്ക് സ്വന്തം പേരിലുള്ള അക്കൗണ്ടിലാണ് ഭവനനിർമ്മാണ ധനസഹായം അനുവദിച്ച വരുന്നത്. ഭവനനിർമ്മാണ ധനസഹായം ഉപയോഗിച്ച് വീട് പണി യഥാസമയം പൂർത്തിയാക്കുന്നതിന് ആവശ്യമായ ബോധവൽക്കരണവും നൽകിവരുന്നു. ഏതെങ്കിലും കാരണവശാൽ ഭവനനിർമ്മാണം കരാറുകാരെ ഏൽപ്പിച്ച് ടി ആൾക്കാർ ചൂഷണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെടുന്ന പക്ഷം അവർക്കെതിരെ പോലീസ് കേസ് ഉൾപ്പെടെ നടപടികൾ സ്വീകരിക്കാറുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ